**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2640** **17-03-2022 - ൽ മറുപടിയ്ക്ക്**

**ആദിവാസി മേഖലകളിലേക്ക് വൈദ്യുതീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | null<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ പഞ്ചായത്തിലെ കാല്ലേലിമേട്, കുഞ്ചിപ്പാറ, തലവച്ചപാറ, വാരിയം, തേര, ഉറിയൻപെട്ടി തുടങ്ങിയ ആദിവാസി മേഖലകളിൽ വൈദ്യുതീകരണം നടത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | മേൽപ്പറഞ്ഞ പ്രദേശങ്ങളിൽ വൈദ്യുതീകരണത്തിന് വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്തെ പിന്നോക്ക പ്രദേശങ്ങളിലെ വൈദ്യുതി അപര്യാപ്തത പരിഹരിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ. ST കോളനികളുടെ വൈദ്യുതീകരണത്തിനുള്ള DPR തയ്യാറാക്കുകയും ഫണ്ട് ലഭ്യമാക്കുന്നതിനായി പ്രസ്തുത DPR പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഈ കോളനികളുടെ ലിസ്റ്റിൽ തലവച്ചപ്പാറ, കുഞ്ചിപ്പാറ, വാരിയം, തേര, ഉറിയംപെട്ടി എന്നീ കോളനികൾ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ കല്ലേലിമേട് ജനറൽ വിഭാഗത്തിൽപ്പെട്ട കോളനി ആയതിനാൽ ഇതിൽ ഉൾപ്പെട്ടിട്ടില്ല. |
| (സി) | മേൽപ്പറഞ്ഞ ഓരോ ആദിവാസി കോളനികളുടെയും വൈദ്യുതീകരണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എത്ര തുകയുടെ എസ്റ്റിമേറ്റാണ് ഓരോ കോളനിക്കും വേണ്ടി തയ്യാറാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ; | (സി) | തലവച്ചപ്പാറ, കുഞ്ചിപ്പാറ, എന്നീ കോളനികളിലേയ്ക്ക് വൈദ്യുതി എത്തിക്കേണ്ടത് കല്ലേലിമേട് വഴി ആയതിനാൽ കല്ലേലിമേട്, തലവച്ചപ്പാറ, കുഞ്ചിപ്പാറ, എന്നീ കോളനികളിലേക്ക് വൈദ്യുതി എത്തിക്കുന്നതിനായി 4.07 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ വാരിയം, തേര, ഉറിയംപെട്ടി എന്നീ കോളനികൾ ദുർഘട പ്രദേശങ്ങളാകയാൽ അവിടെ സോളാർ പാനലുകൾ ഉപയോഗിച്ച് വൈദ്യുതി ലഭ്യമാക്കുന്നതാണ് അഭികാമ്യം എന്നാണ് പട്ടികവർഗ്ഗ വികസന വകുപ്പിനോട് അറിയിച്ചിരി ക്കുന്നത്. കൂടാതെ, സോളാർ പാനലുകൾ ലഭ്യമാക്കുന്നതിന്റെ സാധ്യത പരിശോധിക്കാനായി അനർട്ട് ഡയറക്ടറോടും ആവശ്യപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത കോളനികൾ വൈദ്യുതീകരിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമുള്ളതിനാൽ ആയത് ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ അനുമതി ലഭ്യമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (ഡി) | വനംവകുപ്പിന്റെ അനുമതി ലഭ്യമായിട്ടില്ല. കല്ലേലിമേട് ജനറൽ വിഭാഗത്തിൽപ്പെടുന്ന കോളനി ആയതുകൊണ്ട് വനാവകാശ നിയമത്തിൽപ്പെടാത്തതിനാൽ വനം വകുപ്പന്റെ അനുമതി ലഭിക്കുന്നതിൽ തടസ്സം നേരിടുന്നു. തലവച്ചപ്പാറ, കുഞ്ചിപ്പാറ എന്നീ കോളനികളിലേക്ക് വനംവകുപ്പിന്റെ അനുമതിക്കായി കെ.എസ്.ഇ.ബി.എൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| (ഇ) | ഏകദേശം അറൂന്നൂറോളം ആദിവാസി കുടുംബങ്ങൾ താമസിക്കുന്ന മേൽപ്പറഞ്ഞ പ്രദേശങ്ങളിലേക്ക് അടിയന്തരമായി വൈദ്യുതി എത്തിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഇ) | വനം വകുപ്പിന്റെ അനുമതി, വൈദ്യുതീകരണത്തിന് ആവശ്യമായ തുക എന്നിവ ലഭ്യമാക്കുന്ന മുറയ്ക്ക് കോളനികളുടെ വൈദ്യുതീകരണം നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ